# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 19.01.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. യു.എ.ഇ.പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ ന്യൂഡൽഹിയിൽ എത്തി. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്തും.

   **UAE President Sheikh Mohammed bin Zayed Al Nahyan arrived in New Delhi. He will hold talks with Prime Minister Narendra Modi.**

2. രാജ്യത്തെ സൂക്ഷ്മ-ചെറുകിട - ഇടത്തരം സംരംഭങ്ങൾക്ക് പൊതുമേഖല ബാങ്കുകൾ വഴി 52,300 കോടിയിലേറെ രൂപയുടെ വായ്പകൾ ലഭ്യമാക്കിയാതായി കേന്ദ്ര സർക്കാർ.

   **The government has said that Micro, Small and Medium Enterprises (MSME) loan applications amounting to more than 52 thousand 300 crore rupees have been sanctioned by the Public Sector Banks.**

3. ബിജെപി വർക്കിങ് പ്രസിഡന്റ് നിതിൻ നബിൻ ദേശീയ അധ്യക്ഷ പദവിയിലേക്ക്.

   **BJP working president Nitin Nabin is set to become the new president of the party.**

4. പതിനഞ്ചാം കേരള നിയമസഭയുടെ 16-ാം സമ്മേളനത്തിന് ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തോടെ നാളെ തുടക്കമാകും.

**The 16th session of the 15th Kerala Legislative Assembly will begin tomorrow with the Governor's policy address.**

5. കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായുള്ള നടപടികൾ പുരോഗമിക്കുന്നു. പരാതികൾ ഈ മാസം 30 വരെ സമർപ്പിക്കാം.

**In Kerala, procedures related to the Special Intensive Revision of the electoral rolls are progressing. Complaints can be submitted until the 30th of this month.**

6. സന്തോഷ് ട്രോഫി ഫുട്ബോൾ ഫൈനലിനായി കേരള ടീം ഇന്ന് അസമിലേക്ക് പുറപ്പെടും.

**The Kerala team will depart for Assam today for the Santosh Trophy football final round.**

❁❁❁❁❁❁❁❁❁❁❁❁❁

## UAE PREZ – INDIA VISIT

യു.എ.ഇ.പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ ന്യൂഡൽഹിയിൽ എത്തി. വിമാനത്താവളത്തിലെത്തിയ അദ്ദേഹത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി നേരിട്ടെത്തി സ്വീകരിച്ചു. യു.എ.ഇ പ്രസിഡൻറായി ചുമതലയേറ്റ ശേഷമുള്ള അദ്ദേഹത്തിൻറെ മൂന്നാമത്തെ ഔദ്യോഗിക

സന്ദർശനമാണിത്. ന്യൂഡൽഹിയിലെ പ്രധാനമന്ത്രിയുടെ വസതിയിൽ ഇന്ന് ഇരുനേതാക്കളും കൂടിക്കാഴ്ച നടത്തും. ഇന്ത്യ-യുഎഇ സമഗ്ര പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനും, പ്രാദേശിക, ആഗോള വിഷയങ്ങളിൽ കാഴ്ചപ്പാടുകൾ കൈമാറുന്നതിനും, കൂടിക്കാഴ്ച വഴിയൊരുക്കും.

## MSME LOAN APPLICATION

രാജ്യത്തെ സൂക്ഷ്മ-ചെറുകിട - ഇടത്തരം സംരംഭങ്ങൾക്ക് വിവിധ പൊതുമേഖല ബാങ്കുകൾ 52,300 കോടിയിലേറെ രൂപയുടെ വായ്പകൾ അനുവദിച്ചതായി കേന്ദ്ര സർക്കാർ. കഴിഞ്ഞ വർഷം ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കണക്കാണിത്. MSME കളുടെ അടിസ്ഥാന വായ്പ അവലോകന മാതൃകയ്ക്ക് പൊതുമേഖലാ ബാങ്കുകൾ കഴിഞ്ഞ വർഷം തുടക്കമിട്ടിരുന്നു. ഇത് വായ്പാ നടപടികൾ കൂടുതൽ സുഗമം ആക്കിയതായും ധനമന്ത്രാലയം അറിയിച്ചു.

## POLAND- JAISHNAKAR (INTRO)

ഭീകരവാദത്തിനെതിരെ വിട്ടുവീഴ്ചയില്ലാത്ത സമീപനം പോളണ്ട് കൈക്കൊള്ളണമെന്ന് വിദേശകാര്യമന്ത്രി എസ്.ജയ്ശങ്കർ. പോളിഷ് ഉപപ്രധാനമന്ത്രിയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തുകയായിരുന്നു

അദ്ദേഹം. പോളണ്ട്, ഇന്ത്യൻ ഭൂമികകയ്ക്ക് അപരിചിതമായ ഒരു ദേശമല്ലെന്നും ശ്രീ ജയ്ശങ്കർ അഭിപ്രായപ്പെട്ടു.

(ബൈറ്റ് )

മധ്യയൂറോപ്പിലെ ഇന്ത്യയുടെ ഏറ്റവും വലിയ വ്യാപാര പങ്കാളികളിൽ ഒന്നാണ് പോളണ്ടെന്നും ശ്രീ.ജയ്ശങ്കർ പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

**BJP–PRESIDENT ELECTION**

ബിജെപി വർക്കിങ് പ്രസിഡന്റ് നിതിൻ നബിൻ ദേശീയ അധ്യക്ഷ പദവിയിലേക്ക്. അധ്യക്ഷ സ്ഥാനത്തേയ്ക്ക് നബിന്റെ പേര് മാത്രമാണ് ഉയർന്നുവന്നതെന്നു ദേശീയ വരണാധികാരി കെ ലക്ഷ്മൺ അറിയിച്ചു. ഇത് സംബന്ധിച്ച ഔദ്യോഗിക പ്രഖ്യാപനം നാളെ നടക്കും. നിലവിലെ അധ്യക്ഷൻ ജെ പി നഡ്ഡ, കേന്ദ്രമന്ത്രിമാരായ അമിത്ഷാ, രാജ്നാഥ് സിംഗ്, നിതിൻ ഗഡ്കരി ഉൾപ്പെടെയുള്ളവർ അധ്യക്ഷ സ്ഥാനത്തേയ്ക്ക് നിതിൻ നബിന്റെ പേരാണ് നിർദേശിച്ചത്.

❁❁❁❁❁❁❁❁❁❁❁❁❁

**NCC – NAVAL STAFF**

ന്യൂഡൽഹിയിലെ റിപബ്ലിക് ദിന ക്യാമ്പിലെ എൻ സി സി കേഡറ്റുകളെ നാവിക സേന മേധാവി അഡ്മിറൽ ദിനേശ്.കെ.ത്രിപാഠി സന്ദർശിച്ചു. യുവാക്കളുടെ മനസ്സിൽ

അച്ചടക്കം, ദേശഭക്തി തുടങ്ങിയ മൂല്യങ്ങൾ രൂപപ്പെടുത്തുന്നതിൽ എൻ സി സി സുപ്രധാന പങ്ക് വഹിക്കുന്നതായി അദ്ദേഹം പറഞ്ഞു. വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിലെ പ്രധാന ശിൽപികളാണ് യുവതലമുറയെന്നും നാവിക സേന മേധാവി അഭിപ്രായപ്പെട്ടു.

## PARLIAMENT – BUDGET

പാർലമെൻറിൻറെ ബജറ്റ് സമ്മേളനം ഈ മാസം 28-ന് ആരംഭിക്കും. രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ നയപ്രഖ്യാപന പ്രസംഗത്തോടെയാണ് സമ്മേളനത്തിന് തുടക്കമാവുക. ഫെബ്രുവരി ഒന്നിനാണ് കേന്ദ്ര ബജറ്റ്. ബജറ്റിന് മുന്നോടിയായുള്ള സാമ്പത്തിക സർവേ ഈ മാസം 29-ന് പാർലമെൻറിൽ സമർപ്പിക്കും.

## CBI – KARUR STAMPEDE

കരൂരിൽ തമിഴക വെട്രി കഴകം റാലിക്കിടെയുണ്ടായ ദുരന്തത്തിൽ പാർട്ടി അധ്യക്ഷനും നടനുമായ വിജയ് ചോദ്യം ചെയ്യലിനായി ഡൽഹിയിലെ സിബിഐ ഓഫീസിൽ ഹാജരായി. കഴിഞ്ഞയാഴ്ചയും വിജയിയെ ചോദ്യം ചെയ്തിരുന്നു. കഴിഞ്ഞ വർഷം ടിവികെ സംഘടിപ്പിച്ച റാലിക്കിടെ തിക്കിലും തിരക്കിലും പെട്ട് 41 പേരാണ് മരിച്ചത്.

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 25 ന്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഈ മാസം 23 വരെ അറിയിക്കാം.

## CYCLOTHON -CISF

CISF വന്ദേ മാതരം കോസ്റ്റൽ സൈക്ലോത്തോൺ രണ്ടാം പതിപ്പിന് ഈ മാസം 28-ന് തുടക്കമാകും. ന്യൂഡൽഹിയിലെ മേജർ ധ്യാൻചന്ദ് നാഷണൽ സ്റ്റേഡിയത്തിൽ കേന്ദ്ര ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ് റായ് വെർച്വലായി ഫ്ലാഗ് ഓഫ് ചെയ്യും. അടുത്തമാസം 22-ന് കൊച്ചിയിൽ സമാപിക്കുന്ന സൈക്ലോത്തോണിൽ 65 വനിതകൾ ഉൾപ്പെടെ 130 CISF ഉദ്യോഗസ്ഥർ പങ്കെടുക്കും. ഇതിൽ പത്ത് സൈക്ലിസ്റ്റുകൾ കേരളത്തിൽ നിന്നുള്ളവരാണ്.

## PADMAPANI AWARD

11-ാമത് അജന്ത - എല്ലോറ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന്റെ ഭാഗമായുള്ള ഈ വർഷത്തെ പദ്മപാണി പുരസ്ക്കാരത്തിന് പ്രശസ്ത സംഗീത സംവിധായകൻ ഇളയരാജ അർഹനായി. ഇന്ത്യൻ സിനിമയ്ക്ക് നൽകിയ സംഭാവനകൾ കണക്കിലെടുത്താണ് പുരസ്കാരം. 2 ലക്ഷം രൂപയും പ്രശസ്തി പത്രവും അടങ്ങുന്നതാണ് അവാർഡ്. ഈ മാസം 28 ന് ആരംഭിക്കുന്ന ചലച്ചിത്രോത്സവത്തിൽ പുരസ്ക്കാരം സമ്മാനിക്കും.

## ANNOUNCEMENT

കോട്ടയം, എറണാകുളം ജില്ലകളിലേക്കും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ ചുറ്റളവിൽ സ്ഥിരതാമസക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.newson air.gov.in, prasarbharati.gov.in/pbvacancies എന്നിവ സന്ദർശിക്കുക. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 31.

## KERALA LEGISLATIVE ASSEMBLY

പതിനഞ്ചാം കേരള നിയമ സഭയുടെ 16-ാം സമ്മേളനത്തിന് നാളെ തുടക്കമാകും. ഗവർണറുടെ നയ

പ്രഖ്യാപന പ്രസംഗത്തോടെയാണ് സമ്മേളനം ആരംഭിക്കുക. മാർച്ച് 26 വരെ 32 ദിവസം സഭ സമ്മേളിക്കും. ഈ മാസം 29 ന് ധനമന്ത്രി കെ എൻ ബാലഗോപാൽ സംസ്ഥാന ബജറ്റ് അവതരിപ്പിക്കും. ഫെബ്രുവരി 2 മുതൽ 4 വരെ ബജറ്റിനെക്കുറിച്ചുള്ള പൊതു ചർച്ചയാണ്.

❁❁❁❁❁❁❁❁❁❁❁❁❁

**SIR – EXTENDED**

കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണവുമായി ബന്ധപ്പെട്ട കരടു വോട്ടർ പട്ടികയിലുള്ള പേരുകൾ നീക്കം ചെയ്യാനായി 5,528 അപേക്ഷകൾ ഇതുവരെ ലഭിച്ചു. കരടു വോട്ടർ പട്ടികയിലില്ലാത്ത അഞ്ചു ലക്ഷത്തി അറുപത്തിനാലായിരത്തി എണ്ണൂറ്റി പത്തു പേരാണ് പേരു ചേർക്കാനായി അപേക്ഷ സമർപ്പിച്ചത്. കരട് പട്ടികയിലെ തിരുത്തലുകൾക്കായി അനുവദിച്ചിരുന്ന സമയപരിധി ഈ മാസം 30 വരെ തെരഞ്ഞെടുപ്പ് കമ്മീഷൻ നീട്ടിയിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

**GOVERNOR**

വികസിത ഭാരതത്തിലേക്കുള്ള മികച്ച ചുവടുവെയ്പ്പാണ് ദേശീയവിദ്യാഭ്യാസ നയമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. കൗൺസിൽ ഫോർ ടീച്ചർ എഡ്യുക്കേഷൻ കോഴിക്കോട് NITയിൽ സംഘടിപ്പിച്ച NEP 2020 നാഷണൽ കോൺക്ലേവ് ഉദ്ഘാടനം

ചെയ്യുകയായിരുന്നു അദ്ദേഹം. നാഷണൽ മിഷൻ ഫോർ മെൻ്ററിംഗ് വെബ് പേജ് പ്രകാശനവും ഗവർണർ നിർവഹിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## MANOHAR LAL DISCOMS(INTRO)

രാജ്യത്തെ വൈദ്യുതി വിതരണ കമ്പനികൾ 2024-25 കാലയളവിൽ 2,700 കോടിയിലധികം രൂപയുടെ ലാഭം നേടിയതായി കേന്ദ്രമന്ത്രി മനോഹർ ലാൽ. ന്യൂഡൽഹിയിലെ ഐഐടി ഡൽഹി കാമ്പസിലെ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഊർജ്ജ മേഖലയിലെ നഷ്ടം ഒഴിവാക്കുന്നതിനായി അടുത്ത ബജറ്റ് സമ്മേളനത്തിൽ വൈദ്യുതി നിയമത്തിൽ ഭേദഗതി കൊണ്ടുവരുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

## SANTOSH TROPHY

സന്തോഷ് ട്രോഫി ഫുട്ബോൾ ഫൈനൽ റൗണ്ടിനായി കേരള ടീം ഇന്ന് അസമിലേക്ക് പുറപ്പെടും. പഞ്ചാബിനെതിരെ ഈ മാസം 22 നാണ് കേരളത്തിൻറെ ആദ്യ മത്സരം. ഡിസംബറിൽ ആരംഭിച്ച് കണ്ണൂരിലും വയനാട്ടിലുമായി നടന്ന പരിശീലന ക്യാമ്പിൽ മികവ് തെളിയിച്ച 22 പേരാണ് അന്തിമ ടീമിലുള്ളത്.

## SABARIMALA

ശബരിമലയിൽ മകരവിളക്ക് കാലത്തെ തീർഥാടകർക്കുള്ള ദർശനം ഇന്ന് അവസാനിക്കും. ഇന്ന് വൈകിട്ട് വരെ പമ്പയിൽ എത്തിയ തീർഥാടകരെ ദർശനത്തിനായി സന്നിധാനത്തേക്ക് കടത്തിവിട്ടു. രാത്രി 9 ന് നടയടച്ച ശേഷം മാളികപ്പുറത്ത് ഗുരുതി പൂജ നടക്കും. നാളെ രാവിലെ 6.30 ന് പൂജകളും ചടങ്ങുകളും പൂർത്തിയാക്കി നട അടയ്ക്കും.

## STOCK

രാജ്യത്ത് സ്വർണ-വെള്ളി വിലയിൽ വർദ്ധനവ്. ഗ്രീൻലാൻഡ് വിഷയത്തിൽ ചില യൂറോപ്യൻ രാജ്യങ്ങൾക്കെതിരെ ചുങ്കം ഏർപ്പെടുത്തുമെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിൻറെ പ്രസ്താവനയെ തുടർന്നാണിത്. സ്വർണം പവന് 1,800 രൂപ വർദ്ധിച്ച് ഒരു ലക്ഷത്തി 7,240 രൂപയായി.വെള്ളി കിലോഗ്രാമിന് മൂന്നുലക്ഷത്തി 400 രൂപയായി. രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം രേഖപ്പെടുത്തി.

## WPL

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഗുജറാത്ത് ജയന്റ്സും റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവും തമ്മിലുള്ള മത്സരം ആരംഭിച്ചു. ടോസ് നേടിയ ഗുജറാത്ത്

ജെയൻ്റ്സ് ഫീൽഡിംഗ് തെരഞ്ഞെടുത്തു. 8 പോയിൻ്റുമായി ബംഗളൂരു ഒന്നാം സ്ഥാനത്തും 4 പോയിൻ്റുമായി ഗുജറാത്ത് മൂന്നാമതുമാണ്.

आकाशवाणी